പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 135

# 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 135

# 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

854/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 135

# 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 16-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 407-ാം വകുപ്പിനുള്ള ഭേദഗതി—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 407-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ,—

(എ) "2013 മാർച്ച് 31-ാം തീയതിയോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം, "2017 ജൂലൈ 31-ാം തീയതിയോ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ബി) "കെട്ടിട നിർമ്മാണമോ" എന്ന വാക്കുകൾക്ക് ശേഷം, "കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) "സർക്കാരിന്" എന്ന വാക്കിന് പകരം "ജില്ലാ ടൗൺ പ്ലാനർ, റീജിയണൽ ജോയിന്റ് ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന സമിതിയ്ക്ക്" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ഡി) രണ്ടാം ക്ലിപ്ത നിബന്ധനയിലെ "കെട്ടിട നിർമ്മാണവും" എന്ന വാക്കുകൾക്ക് പകരം "കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (2)-ാം ഉപവകുപ്പിന് ശേഷമുള്ള വിശദീകരണത്തിലെ "നിർമ്മാണമോ" എന്ന വാക്കിന് ശേഷം "കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2018-ലെ 31) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20)407-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2013 മാർച്ച് 31-ാം തീയതിയോ അതിന് മുൻപോ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അനധികൃതമായി ഏതെങ്കിലും ഭൂവികസനമോ കെട്ടിടനിർമ്മാണമോ നടത്തിയിട്ടുണ്ടെങ്കിൽ, സർക്കാരിന് ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം, നിർണ്ണയിക്കപ്പെട്ട പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് അപ്രകാരമുള്ള ഭൂവികസനമോ കെട്ടിടനിർമ്മാണമോ ക്രമവത്ക്കരിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. മേൽപ്പറഞ്ഞ ഉപവകുപ്പിന്റെ രണ്ടാം ക്ലിപ്തനിബന്ധന, ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള കെട്ടിടനിർമ്മാണചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ സംവിധാനങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നടത്തിയിട്ടുള്ള യാതൊരു കെട്ടിടനിർമ്മാണവും ക്രമവത്ക്കരിക്കുവാൻ പാടില്ലാത്തതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

2. ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാക്രമീകരണങ്ങൾ സംബന്ധിച്ച വ്യവസ്ഥ ലംഘിക്കാതെ 2017 ജൂലൈ 31-ാം തീയതിയോ അതിന് മുൻപോ അനധികൃതമായി നടത്തിയിട്ടുള്ള കെട്ടിടനിർമ്മാണമോ, കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ നിർണ്ണയിക്കപ്പെട്ട രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ടും ചില നിബന്ധനകളിൻമേലും, ക്രമവൽക്കരിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. അപ്രകാരം അനധികൃതകെട്ടിടനിർമ്മാണം ക്രമവത്കരിക്കുന്നതിനുള്ള അധികാരം ജില്ലാ ടൗൺപ്ലാനർ, റീജിയണൽ ജോയിന്റ് ഡയറക്ടർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ സെക്രട്ടറി എന്നിവർ അടങ്ങുന്ന സമിതിക്ക് നൽകുവാനും തീരുമാനിക്കുകയുണ്ടായി.

3. അതിനാൽ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാസംവിധാനങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾ ലംഘിക്കാതെ 2017 ജൂലൈ 31-ാം തീയതിയോ അതിന് മുൻപോ അനധികൃതമായി നടത്തിയിട്ടുള്ള കെട്ടിടനിർമ്മാണമോ, കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ നിബന്ധനകൾക്ക് വിധേയമായി ജില്ലാ ടൗൺപ്ലാനർ, റീജിയണൽ ജോയിന്റ് ഡയറക്ടർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന സമിതിക്ക്, നിർണ്ണയിക്കപ്പെട്ട പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് ക്രമവത്ക്കരിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടി പ്രസ്തുത വകുപ്പ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

4. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നല്കേണ്ടിയിരുന്നതിനാലും 2017-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2017-ലെ 33) 2017 ഡിസംബർ 16-ാം തീയതി ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ഡിസംബർ 16-ാം തീയതിയിലെ 2761-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. 2018 ജനുവരി 22-ാം തീയതി ആരംഭിച്ച് ഫെബ്രുവരി 7-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 98-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2018-ലെ 7) 2018 ഫെബ്രുവരി 12-ാം തീയതി

കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഫെബ്രുവരി 12-ാം തീയതിയിലെ 344-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2018 ഫെബ്രുവരി 26-ാം തീയതി ആരംഭിച്ച് 2018 ഏപ്രിൽ 4-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 112-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

8. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2018-ലെ 31) 2018 ഏപ്രിൽ 7-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഏപ്രിൽ 7-ാം തീയതിയിലെ 920-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. 2018-ലെ 31-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഡോ. കെ. ടി. ജലീൽ.

# 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** **

407. <u>അനധികൃത കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2013 മാർച്ച് 31-ാം തീയതിയോ അതിനുമുൻപോ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അനധികൃതമായി ഏതെങ്കിലും ഭൂവികസനമോ കെട്ടിടനിർമ്മാണമോ നടത്തിയിട്ടുണ്ടെങ്കിൽ സർക്കാരിന്, ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം, നിർണ്ണയിക്കപ്പെട്ട പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് അപ്രകാരമുള്ള ഭൂവികസനമോ കെട്ടിടനിർമ്മാണമോ ക്രമവൽക്കരിക്കാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള ക്രമവൽക്കരണം നിലവിലുള്ള ടൗൺ പ്ലാനിംഗ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും നഗരാസൂത്രണ പദ്ധതിയേയോ മാസ്റ്റർപ്ലാനിനേയോ ദോഷകരമായി ബാധിക്കുവാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല, ഈ ആക്റ്റിലോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ സംവിധാനങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നടത്തിയിട്ടുള്ള യാതൊരു കെട്ടിട നിർമ്മാണവും ക്രമവൽക്കരിക്കുവാൻ പാടില്ലാത്തതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ക്രമവൽക്കരണത്തിനുവേണ്ടി നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും രീതിയിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

<u>വിശദീകരണം</u>.—ഈ വകുപ്പിന്റെ ആവശ്യത്തിന്, അനധികൃതമായ നിർമ്മാണം എന്നാൽ ഈ ആക്റ്റിലെ 406-ാം വകുപ്പ് പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കുവാൻ അധികാരമില്ലാത്ത ഏതെങ്കിലും നിർമ്മാണമോ അല്ലെങ്കിൽ ഈ ആക്റ്റിലേയോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കോ അംഗീകൃത പ്ലാനിനോ വിരുദ്ധമായി നിർമ്മിച്ചതോ പുനർനിർമ്മിച്ചതോ അല്ലെങ്കിൽ സർക്കാർ അനുവദിച്ച ഏതെങ്കിലും ഒഴിവാക്കൽ ഉത്തരവിൽ നിന്നോ അതിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും നിബന്ധനകളിൽ നിന്നോ വ്യതിചലിച്ചുകൊണ്ട് നടത്തിയതോ ആയ ഏതെങ്കിലും നിർമ്മാണം എന്നർത്ഥമാകുന്നു.

** ** **

---